(ബി) ഇവ കാണപ്പെടുന്ന കാലത്ത് ട്രോളിംഗ് നിരോധനം ഭാഗികമായി നിലവിൽ വരാറുണ്ടെങ്കിലും ഈ കാലയളവ് വളരെ ചുരുങ്ങിയതാണ്. ഇവയ്ക്ക് രാജ്യാന്തര മാർക്കറ്റിൽ കിലോക്ക് 500 രൂപ മുതൽ 550 രൂപവരെ വിലയുണ്ട്.

(സി) ട്രോളിംഗ് നിരോധനം കർശനമായി പാലിക്കപ്പെടുന്നതിനാൽ ട്രോളിംഗ് നിരോധന സമയത്ത് അന്യ സംസ്ഥാനങ്ങളിലെയും വിദേശങ്ങളിലെയും മത്സ്യബന്ധന കപ്പലുകൾ ഇവയെ പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കാസർഗോഡ് ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്ക് സഹായം

144 [1083] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനവും കാലവർഷവുംമൂലം മുഴുപട്ടിണിയിലായ കാസർഗോഡ് ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ എന്തെങ്കിലും സഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2005 മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ എന്നീ മാസങ്ങളിൽ സനാദ്യ ആശ്വാസ പദ്ധതിപ്രകാരം 7121 പേർക്ക് ₹8,13,050 രൂപ വിതരണം ചെയ്തു.

(ബി) ജില്ലയിലെ "കസബ"യിലെ 61 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 5 കിലോ അരി വീതം ജില്ലാ കളക്ടർ അനുവദിക്കുകയുണ്ടായി. ഉദുമ പഞ്ചായത്ത്, കൊപ്പം കടപ്പുറത്ത് അംബിക എ.എൽ.പി. സ്കൂളിൽ മാറ്റി പാർപ്പിച്ച 4 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ ഭക്ഷണം നൽകിവരുന്നു.

മത്സ്യത്തൊഴിലാളികളുടെ വിദ്യാഭ്യാസാനുകൂല്യം

145 [1084] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് യഥാസമയം വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly